# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2417

09.03.2018-ലെ മറുപടി

## കാളിപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ആൻസലൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രധാനമായും ജലം എത്തിക്കുന്ന കാളിപ്പാറ കുടിവെള്ള പദ്ധതി ഏതു വർഷമാണ് ആരംഭിച്ചത്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എത്ര കോടി രൂപ ചെലവാകുമെന്ന് വിശദീകരിക്കാമോ; | (എ) കേന്ദ്ര സഹായത്തോടെയുള്ള എ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കാളിപ്പാറ പദ്ധതിയുടെ ഭാഗമായ് ഒറ്റശേഖരമംഗലം കുടിവെള്ളപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് 2002-ൽ 20.95 കോടി രൂപക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചിരുന്നു ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല |
| (ബി) കാളിപ്പാറ കുടിവെള്ള പദ്ധതി ഏത് വർഷമാണ് പൂർണ്ണതോതിൽ പൂർത്തീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രയോജനം ഏതൊക്കെ പഞ്ചായത്തുകളിൽ ആണ് ലഭിക്കുക എന്ന് വിശദമാക്കാമോ; | (ബി) കാളിപ്പാറ കുടിവെള്ള പദ്ധതി 19.02.2016-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. നിലവിൽ കള്ളിക്കാട്, കാട്ടാക്കട, വെള്ളറട, മലയിൻകീഴ് (ഭാഗികം), മാറനല്ലൂർ (ഭാഗികം), നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി (ഭാഗികം), പെരുങ്കടവിള (ഭാഗികം), അമ്പൂരി എന്നിവിടങ്ങളിൽ ശുദ്ധജലവിതരണം നടത്തിവരുന്നു. നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗ് അനുമതി ലഭിച്ചാൽ പൊൻവിളവരെയുള്ള ഭാഗത്ത് ജലവിതരണം നടത്താൻ സാധിക്കുന്നതാണ്. കുളത്തൂർ, പാറശ്ശാല, കൊല്ലയിൽ, ചെങ്കൽ, കാരോട് പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനാവശ്യമായ ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം ലഭ്യമായിട്ടില്ല. കൂടാതെ പൊൻവിളയിലെ സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തിയാവേണ്ടതുണ്ട്. ഇവയെല്ലാം പൂർത്തിയായാൽ മാത്രമേ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളു. |
| (സി) കാളിപ്പാറ കുടിവെള്ള പദ്ധതിപ്രകാരം നെയ്യാറ്റിൻകര നഗര പ്രദേശത്തിന് പുറമെ ഏതൊക്കെ പഞ്ചായത്തുകളിലാണ് 2018 മാർച്ച് 31ന് മുമ്പ് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) കാളിപ്പാറ പദ്ധതിയുടെ മെയിൻ പൈപ്പ് ലൈനിലൂടെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും, കുളത്തൂർ, പെരുങ്കടവിള (ഭാഗികം), മാറനല്ലൂർ, കൊല്ലയിൽ (ഭാഗികം) ചെങ്കൽ (ഭാഗികം) എന്നിവിടങ്ങളിലും 31.3.2018 ന് മുമ്പ് കുടിവെള്ളം എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കാളിപ്പാറ കടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | നെയ്യാറ്റിൻകര ആശുപത്രി ജങ്ഷനിലെ റെയിൽവേ ഓവർക്രോസ്സിംഗിന് നിലവിലുള്ള വ്യാസം കുറഞ്ഞ എ.സി.പൈപ്പ് മാറ്റി എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും അത് സ്ഥാപിക്കുകയും ചെയ്തു. ഇത് കാളിപ്പാറയിൽ നിന്നുള്ള 700 മി.മീ. വ്യാസമുള്ള പൈപ്പ് ലൈനുമായി കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. റെയിൽവേ ക്രോസിങ് വഴി 700 മി.മീ. വ്യാസമുള്ള പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. ഇതിനായി റെയിൽവേയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ഇ) | കാളിപ്പാറ കടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഇ) | പൊൻവിളയിലെ ജലസംഭരണിക്കുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് ലഭ്യമായാൽ അവിടെ സമ്പും ഉപരിതലജലസംഭരണിയും നിർമ്മിച്ച് കാളിപ്പാറയിൽ നിന്നുള്ള ശുദ്ധജലം സാമ്പിൾ ശേഖരിച്ച് പമ്പ് ചെയ്ത് ഉപരിതല ജലസംഭരണിയിലെത്തിച്ച് ചെങ്കൽ, കാരോട്, കുളത്തൂർ, പാറശ്ശാല എന്നീ പഞ്ചായത്തുകളിൽ എത്തിക്കാനാകും. കുളത്തൂർ, പാറശ്ശാല, കൊല്ലയിൽ എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ ഈ സംഭരണികളിൽ ജലമെത്തിച്ച് പ്രസ്തുത പഞ്ചായത്തുകളിൽ ജലവിതരണം നടത്താവുന്നതാണ്. ഇതിനുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ